**K26P 0651**

Reg. No. : ...............................

Name : ...................................

**IV Semester M.A. Degree (C.B.C.S.S. – OBE-Regular/Supple./Imp.) Examination, April 2026**
**(2023 Admission Onwards)**
**മലയാളം**
**MAMAL04C13 : മലയാളസാഹിത്യവിമർശനം – രണ്ട്**

Time : 3 Hours  Max. Marks : 80

PART – A

I. ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(5×4=20)**

1) ആദ്യകാല എഴുത്തുകാരികൾ നേരിട്ട പ്രധാന വെല്ലുവിളികളായി ജെ. ദേവിക അവതരിപ്പിക്കുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം ? ചർച്ച ചെയ്യുക.

2) ''കേരളസംസ്കാരത്തിന്റെ പ്രതീകമായി മേഘരൂപനായ ആന തലപൊക്കി നിൽക്കുന്നു.'' എന്ന് ആർ. വിശ്വനാഥൻ സമർത്ഥിക്കുന്നതെങ്ങനെ ?

3) കുടിയേറ്റക്കാരായ മനുഷ്യരെ സൂചിപ്പിക്കാൻ ആനന്ദ് ഉപയോഗിച്ച 'അ–പൗരന്മാർ' എന്ന പദത്തിന്റെ സാധ്യതകൾ 'ഹിംസയുടെ നഗരപടങ്ങൾ' എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

4) ''മാനവികശാസ്ത്രങ്ങളുടെ സർവ്വമേഖലകളെയും സ്പർശിച്ചുകൊണ്ട് വികസിതമായ വ്യവഹാര രൂപങ്ങളുടെ ആകത്തുകയാണ് ഘടനാവാദാനന്തരചിന്ത – വി. സി. ഹാരിസിന്റെ നിരീക്ഷണം വിശകലനം ചെയ്യുക.

5) ഫെറ്റിഷിസത്തിനെതിരായ പ്രതിരോധമായി മാറുകയാണ് 'തീയൂർ രേഖകൾ' – ഇ. വി. രാമകൃഷ്ണന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?

6) മിഷണറി – കൊളോണിയൽ സംസ്കാരം മലയാളിയുടെ മനോഭാവത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ? പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

PART – B

II. ഏതെങ്കിലും **മൂന്ന്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(3×8=24)**

7) മലയാളത്തിലെ പ്രധാനപ്പെട്ട ഘടനാവാദാനന്തരചിന്തകരെയും അവരുടെ പ്രത്യയശാസ്ത്രത്തെയും കുറിച്ചുള്ള എ. ടി. മോഹൻരാജിന്റെ നിരീക്ഷണങ്ങൾ എന്തെല്ലാം ? വിശകലനം ചെയ്യുക.

P.T.O.



8) ''ഫൂക്കോയുടെ അറിവധികാരത്തിന്റെ സങ്കീർണമായ ഡയനാമിക്സിന്റെ പരിച്ഛേദം എൻ. പ്രഭാകരന്റെ 'നാട്ടുവിദ്യ' യിൽ വായിച്ചെടുക്കാം'' – വി. സി. ഹാരിസിന്റെ നിരീക്ഷണം വിമർശനാത്മകമായി വിലയിരുത്തുക.

9) 1930 കളോടെ കേരളത്തിൽ ഉദയം ചെയ്ത 'പൊതുമണ്ഡല'ത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ? കെ. എൻ. ഗണേശിന്റെ ലേഖനത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

10) ഉല്ലംഘനത്തിന്റെയും അതിക്രമത്തിന്റെയും രാഷ്ട്രീയം 'ജീവിതത്തിന്റെ പുസ്തക'ത്തിൽ കടന്നുവരുന്നതെങ്ങനെ ? ഇ. വി. രാമകൃഷ്ണന്റെ നിഗമനങ്ങൾ ക്രോഡീകരിക്കുക.

11) ''ആഫ്രിക്കയെ നോക്കിക്കാണാൻ ആധുനികത നമുക്ക് തന്നത് യൂറോപ്യൻ സഞ്ചാരിയുടെ കണ്ണുകളാണ്'' – പി. പവിത്രന്റെ നിരീക്ഷണത്തിന്റെ സാധുത പരിശോധിക്കുക.

PART – C

III. ഏതെങ്കിലും **മൂന്ന്** ചോദ്യത്തിന് ഉത്തരമെഴുതുക. **(3×12=36)**

12) ആനന്ദിന്റെ നോവലുകളിൽ ആവിഷ്ക്കരിച്ചിട്ടുള്ള കുടിയേറ്റത്തിന്റെയും നാഗരികതയുടെയും പരിണാമചരിത്രം 'ഹിംസയുടെ നഗരപടങ്ങൾ' എന്ന നിരൂപണത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

13) ''നിലനിന്നിരുന്ന സാമൂഹികവ്യവസ്ഥിതിയോടുള്ള എതിരെഴുത്തായിരുന്നു സാറാ ജോസഫിന്റെ സാഹിത്യലോകം'' എന്ന് ജെ. ദേവിക സമർത്ഥിക്കുന്നതെങ്ങനെ ? വിശദമാക്കുക.

14) ''നവീനഭാഷാസംവേദനമായി മാറുകയാണ് ഉത്തരാധുനികകവിത'' – പ്രസന്നരാജന്റെ നിരീക്ഷണങ്ങൾ ചർച്ച ചെയ്ത് അഭിപ്രായം രേഖപ്പെടുത്തുക.

15) ''നിർമ്മിതബുദ്ധിയുടെയും സൈബോർഗിന്റെയും ലോകം സോഷ്യലിസ്റ്റ് ജനാധിപത്യത്തിനും പ്രാതിനിധ്യ ജനാധിപത്യത്തിനുമപ്പുറത്ത് കോർപ്പറേറ്റുകൾ നേരിട്ട് ഭരിക്കുന്ന ഒരു സംവിധാനത്തിന് സാധ്യത ഉണ്ടാക്കുന്ന സാഹചര്യം സൃഷ്ടിക്കുകയാണ്'' – പാഠഭാഗത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

16) 'കാപ്പിരികളുടെ നാട്ടിൽ' രചിച്ച എസ്. കെ. പൊറ്റെക്കാട്ടിനെ നയിച്ചത് കൊളോണിയൽ ബോധ്യങ്ങളാണ് – പി. പവിത്രന്റെ നിരീക്ഷണങ്ങൾ വിമർശനാത്മകമായി പരിശോധിക്കുക.

---